ഷണം ചെയ്യ വരുന്നതിൽ ആക്ഷേപം ബോധിപ്പിച്ചുകൊണ്ട് വല്ല ഹർജികളും ബഹുമാനപ്പെട്ട ഗവൺമെണ്ടിലേക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതു തിയ്യതികളിലും ഏതു പ്രദേശങ്ങളിൽ നിന്നും ആണ് ഉത്ഭവിച്ചിട്ടുള്ളത്;

(സി) ഇതിനെ സംബന്ധിച്ചു വല്ല അന്വേഷണവും ബഹുമാനപ്പെട്ട ഗവൺമെണ്ട് നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അന്വേഷണത്തിന്റെ ഫലമെന്ത്;

(ഇ) അന്വേഷണഫലമായി എത്ര തിരുവിതാംകൂർ വിദ്യാർത്ഥികളും എത്ര ബ്രിട്ടിഷ് വിദ്യാർത്ഥികളും ആണ് സ്റ്റേറ്റിൽ പഠിച്ചുവരുന്നത്;

(എഫ്) ഏതെല്ലാം സ്കൂളുകളിലാണ് അവർ പഠിക്കുന്നത്;

(ജി) കൊച്ചിയിലെ അധഃകൃത വിദ്യാർത്ഥികൾക്കുള്ള സൌജന്യങ്ങൾ തിരുവിതാംകൂറുകാരായ വിദ്യാർത്ഥികൾ ഉപയോഗപ്പെടുത്തിവരുന്ന പതിവ് നിവർത്തൽചെയ്യുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ട് വേണ്ട നടപടികൾ എടുക്കുമോ?

ഡോക്ടർ എ. ആർ. മേനോൻ :

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

(സി) ഉവ്വ്.

(ഡി) തിരുവിതാംകൂറുകാരായ മുന്നു അധഃകൃത കുട്ടികൾ വെളിയനാട് ലോവർസെക്കണ്ടറി സ്കൂളിൽ പഠിക്കുന്നുണ്ടെന്നും അവർ അധഃകൃതർക്കു ഇവിടെ കൊടുക്കുന്ന ആനുകൂല്യങ്ങൾ അനുഭവിക്കുന്നുണ്ടെന്നും മാനേജരുടെ എഴുത്തിൽനിന്നും മനസ്സിലായി. ടി ആനുകൂല്യങ്ങൾ ഉടനെ നിർത്തൽ ചെയ്തു. അവർക്കു കൊടുത്ത ആനുകൂല്യങ്ങളെപ്പറ്റി നടപടികൾ എടുത്തുവരുന്നു. സ്റ്റൈപ്പെൻറായി വാങ്ങിയ കുറെ പണം മാനേജരെക്കൊണ്ട് മടക്കികെട്ടിച്ചും കഴിഞ്ഞിരിക്കുന്നു.

(ഇ) മുന്നു തിരുവിതാംകൂർ വിദ്യാർത്ഥികൾ പഠിച്ചിരുന്നു.

(എഫ്) അവർ പഠിച്ചിരുന്നത് എൽ. എസ്സ്. എസ്സ്. വെളിയനാട്ടിൽ ആയിരുന്നു.

(ജി) എടുത്തുവരുന്നുണ്ട്.

DEPRESSED CLASS STUDENTS—SUPPLY OF BOOKS TO

210. മിസ്റ്റർ പി. കെ. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) കൊല്ലംതോറും അധഃകൃത വിദ്യാർത്ഥിനിവിദ്യാർത്ഥികൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നു നൽകിവരാറുള്ള ബുക്കുസപ്ലൈ ഇക്കൊല്ലത്തേതു ഇതുവരേയും കൊടുത്തു തീർന്നിട്ടില്ലെന്നു വല്ല ആക്ഷേപവും ബഹുമാനപ്പെട്ട ഗവൺമെണ്ടിനു സിദ്ധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബുക്കുസപ്പൈ ചെയ്യുന്നതിനു കൺട്രാക്ട് കൊടുക്കുമ്പോൾ ഒരു നിശ്ചിത സമയത്തിനുമുമ്പ് കൊടുത്തുതീർക്കണമെന്നു വല്ല വ്യവസ്ഥയും ഡിപ്പാർട്ടുമെണ്ടിൽനിന്നു ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആ വ്യവസ്ഥ എന്താണു് ?

ഡോക്ടർ എ. ആർ. മേനോൻ :

(എ) ഉവ്വ്.

(ബി) ഉവ്വ്.

(സി) അധികൃതസംരക്ഷകൻ പാസ്സാക്കി അയക്കുന്ന ഇൻറണ്ട് സ്റ്റാം അധികൃതന്മാർ കൺട്രാക്ടരുടെ അടുക്കലൊ ഓരോ സെൻറിലെ എജണ്ടുമാരുടെ അടുക്കലൊ കൊണ്ടുചെല്ലുമ്പോൾ ഇൻറണ്ട പ്രകാരമുള്ള സാധനങ്ങൾ കൊടുക്കേണമെന്നു നിബന്ധന ചെയ്തിട്ടുണ്ടു്.

ADJOURNMENT MOTIONS

Regarding conduct of troops

Mr. President: I have received 3 adjournment motions relating to the conduct of troops in the town. I propose to disallow them under rule 82(3), since they relate to the military forces.

Mr. M. K. Devassy *(Adur):* On a point of order, Sir; there was a precedent in this House that before an adjournment motion is disallowed, the mover is given an opportunity to explain how the motion is in order.

Mr. President: It is not possible to allow such discussion under the Standing Order. If I think it is in order, it will be permissible. But in this case I do not think it is possible, and I rule it out of order.

Mr. E. Ikkanda Warriar *(Cheruthuruthi):* Sir, my adjournment motion does not relate to military forces or troops.

Mr. President: I have already given a ruling.

Mr. E. Ikkanda Warriar *(Cheruthuruthi):* I bow to your ruling, Sir. At the same time, may I request you that even though you rule it out of order, I may be allowed to make a statement with regard to the real position? After hearing us, Government may do as they please, according to the responsibility they feel towards the public.

Mr. President: I do not think I can allow it.

Elections to the Irrigation Board—Valid nominations regarding

Mr. President: I have to announce that the election of three non-official members for the Irrigation Board will be conducted by

LIBRARY ARCHIVES Kerala Legislative Assembly